## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4011

18.10.2011-ൽ
മറുപടി നൽകേണ്ടത്

### ലാൻഡ് ബാങ്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് വേണ്ടി സർക്കാർ കൈവശമുള്ള ഭൂമിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ; | (എ) കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പിറവന്തൂർ, തിങ്കൾക്കരിക്കകം വില്ലേജുകളിലായി ഭൂരഹിത ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ശരിയായ അളവ് കണക്കാക്കിയിട്ടില്ല.<br>എറണാകുളം ജില്ലയിൽ ആദിവാസികൾക്ക് പതിച്ചു നൽകുന്നതിന് ഏറ്റെടുത്ത 59.069 ഏക്കർ ഭൂമിയിൽ വിതരണം ചെയ്ത 12.920 ഏക്കർ കഴിച്ച് 46.149 ഏക്കർ ഭൂമിയുണ്ട്.<br>പാലക്കാട് ജില്ലയിൽ കേരള ആദിവാസി ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്ട്, 1999-ന്റെ പരിധിയിൽ വരുന്ന ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ച് നൽകുന്നതിലേയ്ക്കായി ബഹു: സുപ്രീം കോടതി ഉത്തരവു പ്രകാരം 4361.3027 ഹെക്ടർ വെസ്റ്റഡ് ഫോറസ്റ്റ് ഭൂമിയ്ക്ക് ഭാരത സർക്കാരിന്റെ സ്റ്റേജ് 1 & 2 ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ആറളം ഫാമിൽ ഏറ്റെടുത്ത 4059 ഏക്കർ ഭൂമിയിൽ സർവ്വെ പൂർത്തിയാക്കിയ 3095 ഏക്കറിൽ I, II, III ഘട്ടങ്ങളിൽ കണ്ണൂർ ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തതു കഴിച്ച് 214 ഏക്കർ ഭൂമി ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വിതരണത്തിനായി ബാക്കിയുണ്ട്. കൂടാതെ അളന്ന് തിട്ടപ്പെടുത്താൻ ബാക്കിയുള്ള 721 ഏക്കർ ഭൂമിയിൽ 500 ഏക്കർ |

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4057** **18.10.2011 ൽ മറുപടിക്ക്**

**<u>ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ ഏറ്റെടുക്കൽ</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത്‌വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ മരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ? | കുറഞ്ഞത് 8 മീറ്റർ വീതിയുണ്ടായിരിക്കുക രണ്ടിലധികം പഞ്ചായത്തുകളിൽ കൂടി കടന്നു പോകുക, റെഗുലർ ബസ് ട്രാഫിക് ഉണ്ടായിരിക്കുക, രണ്ട് പ്രധാന പി.ഡബ്ല്യൂ.ഡി റോഡുകളെ ബന്ധിപ്പിക്കുക, നിരന്തരമായുള്ള ഗതാഗതത്തിന് സുപ്രധാന കണ്ണികളായി വർത്തിക്കുക എന്നീ നിബന്ധനകൾ പാലിക്കുന്ന പഞ്ചായത്ത് റോഡുകളാണ് ഏറ്റെടുക്കുന്നത്.. |

സെക്ഷൻ ഓഫീസർ